**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് :- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 2 കോടിയിൽ അധികം തുക പ്രതിവർഷം ചെലവഴിക്കുന്ന ഗ്രാമ പഞ്ചായത്തുകളിൽ ഒരു എഞ്ചിനീയർ/ഓവർസീയറേയും ഒരു അക്കൗണ്ടന്റ് - കം - ഡേറ്റാ എൻട്രി ഓപ്പറേറ്ററേയും അധികമായി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം. 439.2013/തസ്വഭവ തിരുവനന്തപുരം, തീയതി, 18/12/13

---

പരാമർശം:- 1. 3/2/12 ലെ സ ഉ(സാധാ) നം.346/12/തസ്വഭവ
2. 4/10/12 ലെ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 12-ാം മത്തെ യോഗത്തിന്റെ നടപടിക്കുറിപ്പ്
3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 15/12/12 ലെ 3493/EGS2/ 12/CRD നമ്പർ കത്ത്.

**ഉത്തരവ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 60 ലക്ഷത്തിൽ കൂടുതൽ പ്രതിവർഷം തുക ചെലവഴിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ഓരോ എഞ്ചിനീയർ/ഓവർസീയർ കൂടാതെ ഒരു എഞ്ചിനീയർ/ഓവർസീയറേയും ഒരു അക്കൗണ്ടന്റ് - കം - ഡേറ്റാ എൻട്രി ഓപ്പറേറ്ററേയും അധികമായി നിയമിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രതിവർഷം 2 കോടിയിൽ അധികം ചെലവഴിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഇതിനുപുറമെ ഒരു എഞ്ചിനീയർ/ഓവർസിയറേയും ഒരു അക്കൗണ്ടന്റ് - കം - ഡേറ്റാ എൻട്രി ഓപ്പറേറ്ററേയും കൂടി അധികമായി നിയമിക്കുന്നത് പദ്ധതിയുടെ ഫലപ്രദമായ നിർവ്വഹണത്തിനും സമയ ബന്ധിതമായ കൂലിവിതരണത്തിനും സഹായകമായിരിക്കുമെന്ന് പരാമർശംമ (2) ലെ വിലയിരുത്തൽ പ്രകാരം മൂന്നാമത് ഒരു എഞ്ചിനീയർ/ഓവർസിയറേയും ഒരു അക്കൗണ്ടന്റ് - കം - ഡേറ്റാ എൻട്രി ഓപ്പറേറ്ററേയും അധികമായി നിയമിക്കുന്നതിന് സ്വീകരിക്കേണ്ട മാനദണ്ഡം, ... എന്നിവ സംബന്ധിച്ച് പരാമർശം (3) ൽ മിഷൻ ഡയറക്ടർ ചുവടെ ചേർത്തിരിക്കും പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

| ക്രമ നം. | ചെലവിനം | തുക |
|---|---|---|
| 1. | 3 ഡാറ്റാ എൻട്രി ഓപ്പറേറ്റർ മാർക്കുള്ള വേതനം – ഒരു വർഷത്തേക്ക് (10000x3)x12 | 360000 |
| 2. | ഒരു പഞ്ചായത്തിൽ 2 ഓവർസീയർമാരും 1 എഞ്ചിനീയറിനെയും നിയമിച്ച് അവർക്ക് നൽകേണ്ട വേതനം – ഒരു വർഷത്തേക്ക് –[(10000x2)+x(12000x1)]x12 | 384000 |
| 3. | ഒരു എഞ്ചിനീയറിംഗ് സ്റ്റാഫിന് ഒരു വർഷക്കാലത്തേക്ക് അനുവദനീയമായ യാത്രാപ്പടി = (3x1000)x12 | 36000 |
| 4. | ജീവനക്കാർക്ക് 15 ദിവസത്തെ ശമ്പളം സറണ്ടർ ചെയ്യുന്നതിന് ആവശ്യമായ തുക [(5000x5)+(6000x1)] | 31000 |
| | ആകെ | 811000 (എട്ട് ലക്ഷത്തി പതിനൊന്നായിരം രൂപ) |
| 5. | (ആകെ ചെലവിന്റെ 4% തുക ലഭിക്കുന്നതിന്) പഞ്ചായത്തിൽ രേഖപ്പെടുത്തേണ്ട ആകെ ചെലവ് | 20275000 |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2012–13 സാമ്പത്തിക വർഷം 2 കോടിയിൽ അധികം ചെലവ് രേഖപ്പെടുത്തുന്ന പഞ്ചായത്തുകളിൽ 1/4/2013 മുതൽ നിലവിലുള്ള ജീവനക്കാർക്കു പുറമെ ഒരു അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും ഒരു എഞ്ചിനീയർ / ഓവർസിയറേയും കൂടി മുകളിൽ ചേർത്തിരിക്കുന്ന മാനദണ്ഡപ്രകാരം നിയമിക്കാനും ഇത്തരത്തിൽ അനുമതി നൽകുന്ന പഞ്ചായത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ 3 പേരിൽ ഒരാൾ എഞ്ചിനീയർ ആയിരിക്കേണ്ടതും മറ്റ് 2

ഫർ ഓവർസീയർമാർ ആയിരിക്കേണ്ടതുമാണ് എന്ന വ്യവസ്ഥയോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ജി. ശിവപ്രസാദ്,**
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി , തിരുവനന്തപുരം
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. എല്ലാ ജില്ലാകളക്ടർ/ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും
5. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ പ്രസിഡന്റ് (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ (A&E)(തിരുവനന്തപുരം
9. ഇൻഫർമേഷൻ കേരളാമിഷൻ
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ